മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സാധാരണയായി ഇതുപോലൊരു പ്രശ്നം വന്നാൽ എല്ലാവരും അന്യോന്യം സഹകരിച്ച് അൽപ്പസമയംകൂടി ഇരിക്കുകയാണ് പതിവ്. അതാണു നല്ലതെന്നാണ് എനിക്കു തോന്നുന്നത്. നോൺ ഒഫീഷ്യൽ ഡേയിൽ ഒരു റസലൂഷനൊക്കെ ബാലറ്റ് ചെയ്തു കിട്ടിയാൽ അതിവിടെ ചർച്ച ചെയ്യണമെന്നുള്ളത് മെമ്പർമാരുടെ എല്ലാവരുടേയുംകൂടെ ആവശ്യമാണ്. അതുകൊണ്ട് ഏറ്റവും അത്യാവശ്യമായ സമയം ഇരിക്കാമെന്നാണെന്റെ അഭിപ്രായം.

മി. ചെയർമാൻ: അങ്ങനെയാണെങ്കിൽ ഇരുപതു മിനിറ്റുകൊണ്ട് ചർച്ച അവസാനിപ്പിക്കാം. മൂന്നാമത്തെ പ്രമേയം അവതരിപ്പിക്കുന്നതിന് ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി ദേവസ്സിക്കുട്ടിയെ ചുമതലപ്പെടുത്തിയതനുസരിച്ച് അദ്ദേഹത്തിന് അവതരിപ്പിക്കാം.

(iii) കശുവണ്ടിയുടെ വില പുനർനിർണ്ണയം ചെയ്യുന്നതിനെ സംബന്ധിച്ച്

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരിയുടെ അഭാവത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി പ്രമേയം അവതരിപ്പിച്ചു. സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

''കശുവണ്ടിക്ക് (നാടൻ തോട്ടണ്ടി) ഇന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വില കർഷകർക്ക് അപര്യാപ്തവും അസ്വീകാര്യവുമായതിനാൽ പ്രസ്തുത വിലനിശ്ചയം ഗവൺമെന്റ് റദ്ദാക്കുകയും കർഷക പ്രതിനിധികൾകൂടി ഉൾക്കൊള്ളുന്ന ബന്ധപ്പെട്ട കക്ഷികളുമായി ആലോചിച്ച് വില പുനർനിർണ്ണയം ചെയ്യുകയും ചെയ്യണമെന്ന് ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.''

സർ, നാടൻ തോട്ടണ്ടിയുടെ വില ഈ കൊല്ലം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഗവൺമെന്റു ചെയ്ത പ്രഖ്യാപനം കേരളത്തിലെ കശുമാവു കൃഷിക്കാരെ മുഴുവൻ ഞെട്ടിക്കുകയും നിരാശയിലാക്കുകയും ചെയ്തിരിക്കുകയാണ്. കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്നതിന്റെ പകുതിയിലധികം കുറഞ്ഞിരിക്കുകയാണ് ഇപ്പോൾ. എന്താണ് സംഭവിച്ചതെന്ന് കൃഷിക്കാർക്ക് ആർക്കും അറിയാൻ കഴിഞ്ഞില്ല. അവരുമായി ആരും ആലോചിക്കുകയും ഉണ്ടായില്ല. ഇത് സ്വർഗ്ഗത്തിലെവിടെയോവച്ച് എടുത്ത ഒരു തീരുമാനമാണെന്നാണ് കൃഷിക്കാർ വിചാരിക്കുന്നത്. അതുകൊണ്ട്, അനധികൃതമായ കൃഷിക്കാർ അവരുടെ വിധിയെ പഴിക്കുകയാണ്. കശുവണ്ടി മുതലാളിമാരും കശുവണ്ടിത്തൊഴിലാളി നേതാക്കൻമാരും മാത്രമായിട്ടാണ് ഗവൺമെന്റ് ഈ കാര്യത്തിൽ ചർച്ചനടത്തിയത്. കൃഷിക്കാരുമായി ചർച്ച നടത്തുന്നതിന് ഒരുമ്പെട്ടില്ല. അതുകൊണ്ട് കശുവണ്ടി ഉൽപ്പാദകരായ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടില്ലെന്നുള്ളതാണ് വസ്തുത. ഈ കൊല്ലം പ്രഖ്യാപിച്ചിട്ടുള്ള വില കിലോഗ്രാമിന് 3 രൂപ 60 പൈസയാണ്. കഴിഞ്ഞ കൊല്ലം നിലവിലുണ്ടായിരുന്നത് 6 രൂപ 10 പൈസയാണ്. ആ സ്ഥാനത്താണ് ഇപ്പോഴത്തെ വിലയായ 3 രൂപ 60 പൈസയാക്കിരിക്കുന്നത്. കൃഷിക്കാരുടെ ഉൽപ്പാദനച്ചെലവിന്റെ നില പരിഗണിക്കുമ്പോൾ ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിട്ടുള്ള വില വളരെ അപര്യാപ്തമാണ്. സർ, കൃഷിക്കാർ കശുമാവു കൃഷിയിൽ കൂടുതൽ തൽപ്പരരായി വരികയായിരുന്നു. വളം ചെയ്തും മാവു പൂക്കുമ്പോഴും പൂ പൊഴിയാതിരിക്കാൻ വേണ്ടി രണ്ടു തവണ മരുന്നടിക്കുകയുമൊക്കെ ചെയ്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിലായിരുന്നു അവർ. അങ്ങനെ ചെലവു ചെയ്ത് ഉൽപ്പാദനം വർദ്ധിപ്പിച്ചാൽ അതുകൊണ്ട് കുടുംബം പുലർത്തേണ്ട പാവപ്പെട്ട കൃഷിക്കാരാണ് സാമ്പത്തികമായി തകർച്ചയിലായിരിക്കുന്നത്. അവരെ തകർച്ചയിൽനിന്നു രക്ഷിക്കുന്നതിന് ഗവൺമെൻറ് അടിയന്തിര നടപടി കൈക്കൊള്ളാത്തപക്ഷം ഗവൺമെൻറ് നടപ്പാക്കാനുദ്ദേശിക്കുന്ന ലോക ബാങ്കിൻെറ കശുമാവു കൃഷി വികസന പദ്ധതിയടക്കമുള്ള എല്ലാ കശുമാവു കൃഷി പദ്ധതിയും പരാജയപ്പെടുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. സർ, വില കുറയ്ക്കുന്നതിനു കാരണം പറയുന്നത് വിദേശ മാർക്കറ്റിൽ കശുവണ്ടിയുടെ വില ഗണ്യമായി ഇടിയുന്നു എന്നാണ്. വിദേശ മാർക്കറ്റിൽ കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്ന വില ഒരു റാത്തലിന് ശരാശരി 2 ഡോളർ ആണ്. ഇൻഡ്യൻ രൂപയിലാണെങ്കിൽ കിലോഗ്രാമിന് 40 രൂപ. ഇക്കൊല്ലം വിദേശ മാർക്കറ്റിൽ വില കുറഞ്ഞു എന്നുള്ളതു ശരിയാണ്. ഇന്ന് ഒരു റാത്തലിന് 1 ഡോളർ 74 സെൻറ് ആണ് വില. അതായത് കിലോഗ്രാമിന് 32 രൂപയോളം വരും. അത് അൽപ്പാൽപ്പം ഉയരുന്നതിനുള്ള സാദ്ധ്യതയും കണ്ടു വരുന്നുണ്ട്. വിദേശ മാർക്കറ്റിൽ വില കുറഞ്ഞതിന് ആനുപാതികമായിട്ടല്ല ഗവൺമെൻറ് വില കുറച്ചിട്ടുള്ളത് എന്നുള്ളത് വളരെ ഖേദകരമാണ്; ന്യായീകരണമില്ലാത്തതാണ്. ഇത് കർഷകരുടെ അഭിപ്രായം പരിഗണിക്കാതെ ഗവൺമെൻറ് എടുത്ത ഒരു എക്സ് പാർട്ടി തീരുമാനമാണ്. അതുകൊണ്ട് ഈ വില നിശ്ചയം റദ്ദാക്കുകയും പുനഃപരിശോധിക്കുകയും വേണം.

സർ, വില നിലവാരത്തിൻെറ കാര്യത്തിൽ കൃഷിക്കാർക്കു സഹായകമായ ഒരു നിർദ്ദേശംകൂടി സമർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഉൽപ്പാദനച്ചെലവിൻേറയും ജീവിതച്ചെലവിൻേറയും അടിസ്ഥാനത്തിൽ ന്യായമായ ഒരു തറവില നാടൻ തോട്ടണ്ടിക്ക് പ്രഖ്യാപിക്കണമെന്നാണ് ബഹുഭൂരിപക്ഷം കൃഷിക്കാരുടേയും അഭിപ്രായം. ഇന്ന് അന്തർദ്ദേശീയ മാർക്കറ്റിലുള്ള വിലയും മറെറല്ലാ സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് നാടൻ തോട്ടണ്ടിക്ക് ഏറെറവും ചുരുങ്ങിയത് കിലോഗ്രാമിന് 5 രൂപ 50 പൈസ എങ്കിലും തറവിലയായി പ്രഖ്യാപിക്കണമെന്നാണ് ബഹുഭൂരിപക്ഷം കൃഷിക്കാരുടേയും അഭിപ്രായം. ഈ തറവിലയേക്കാൾ വില കുറയുന്നെങ്കിൽ മാത്രം ഗവൺമെൻറ് പ്രൊക്യുവർമെൻറ് നടത്തിയാൽ മതി. ഇതിൻെറ കോസ്റ്റ് ഓഫ് പ്രോസസിംഗ് കണക്കാക്കുകയാണെങ്കിൽ മൂന്നു കിലോ നാടൻ തോട്ടണ്ടി വേണ്ടിവരും ഒരു കിലോ പരിപ്പ് കിട്ടാൻ. 5 രൂപ 50 പൈസ വില കൊടുക്കുകയാണെങ്കിൽ 3 കിലോ തോട്ടണ്ടിക്ക് 16 രൂപ 50 പൈസ. ഷെല്ലിംഗ്, പീലിംഗ്, തൊഴിലാളികളുടെ മറെറ ബെനിഫിറെറുകൾ എല്ലാംകൂടി ഒരു 3 രൂപ വരും. അങ്ങനെ 19 രൂപ 50 പൈസ. അപ്പോൾ 32 രൂപ അന്തർദ്ദേശീയ മാർക്കറ്റിൽ വിലയുണ്ടെങ്കിൽ 19 രൂപ 50 പൈസ ചെലവുകഴിച്ച് മാർജിൻ 12 രൂപ 50 പൈസയുണ്ട് സർ. ഗവൺമെൻറ് ഇതു കുറയ്ക്കാൻ തീരുമാനിച്ചപ്പോൾ വാസ്തവത്തിൽ വൻകിട മുതലാളിമാരുടേയും വ്യവസായികളുടെയുമൊക്കെ ലാഭത്തിലായിരുന്നു വെട്ടിക്കുറവു വരുത്താൻ ശ്രമിക്കേണ്ടിയിരുന്നത്. അതിനു പകരം ഗവൺമെൻറ് പക്ഷപാതം

LIBRARY ARCHIVES Kerala Legislative Assembly

പരമായിട്ട് പാവപ്പെട്ട കൃഷിക്കാരുടെ മാർജിനാണ് വെട്ടിക്കുറച്ചത്. അതുകൊണ്ട് എനിക്കു പറയാനുള്ളത് ഗവൺമെൻറ്, കശുവണ്ടിക്ക് പുതിയതായി തറവില പ്രഖ്യാപിക്കണം; അത് ഏറ്റവും ചുരുങ്ങിയത് ഒരു കിലോ തോട്ടണ്ടിക്ക് 5 രൂപ 50 പൈസ ആയിരിക്കണം. അതിൽ കുറവു വില മാർക്കറ്റിൽ വരുമ്പോൾ മാത്രം ഗവൺമെൻറ് പ്രൊക്യുവർമെൻറ് നടത്താൻ തീരുമാനിക്കണം. ഇതാണ് എനിക്കു പറയാനുള്ളത്. ഇതു ഗവൺമെൻറ് പരിഗണിക്കണം. ഏതെങ്കിലും കാരണവശാൽ ഇതു സ്വീകാര്യമല്ലെങ്കിൽ തീർച്ചയായും ഗവൺമെൻറ് ഇന്നു നിശ്ചയിച്ചിട്ടുള്ള വില പുനഃപരിശോധിക്കണം. അത് എല്ലാ താൽപ്പര്യങ്ങളുടേയും പ്രതിനിധികളുമായി ആലോചിച്ചു വേണം. കൃഷിക്കാരുടേയും തൊഴിലാളികളുടേയും അതുപോലെ തന്നെ മറെറല്ലാ പ്രധാനപ്പെട്ട താൽപ്പര്യങ്ങളുടേയും പ്രതിനിധികളുമായി ആലോചിച്ചുകൊണ്ട് ഇന്നു പ്രഖ്യാപിച്ചിട്ടുള്ള അപര്യാപ്തമായ, അസ്വീകാര്യമായ, ഉൽപ്പാദന ച്ചെലവുമായി യോജിക്കാത്ത, ഇപ്പോഴത്തെ വില റദ്ദാക്കണം. എന്നിട്ട് ഒരു പുനർനിർണ്ണയം നടത്തി അതു പുതുക്കി നിശ്ചയിക്കണം എന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും നമ്മുടെ സംസ്ഥാനത്തിലെ കശുവണ്ടി കൃഷിക്കാരെ ഏറ്റവുമധികം ബാധിക്കുന്ന ഒരു ഗുരുതരമായ പ്രശ്നത്തെ മുൻനിർത്തിയുള്ളതാണ്. പൊതുവിൽ കേരളത്തിലെ കൃഷിക്കാരെ ബാധിക്കുന്നതാണെങ്കിലും ഈ പ്രശ്നം ഏറ്റവും കൂടുതൽ ബാധിക്കുന്നതു കണ്ണൂർ ജില്ലയിലെ കൃഷിക്കാരെയാണെന്നാണ് എനിക്കു തോന്നുന്നത്. കാരണം ഇത് ഒരു നേരിട്ടുള്ള പ്രശ്നമാണ് അവിടെ. കണ്ണൂർ ജില്ലയിൽ കുറച്ചു മൈൽ സഞ്ചരിച്ചാൽ ഈ പറഞ്ഞ 3 ക. 60 പൈസയേക്കാൾ രണ്ടുറുപ്പികയിലധികം കൂടുതൽ വില ഒരു കിലോവിനു കൃഷിക്കാർക്കു കിട്ടും എന്നുള്ളതാണ് അവിടത്തെ സ്ഥിതി. കൂട്ടുപുഴ പാലം കടന്നാൽ കർണ്ണാടക സ്റേറററിൽ, ഇന്നു കേരളത്തിൽ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ വളരെക്കൂടുതൽ വിലയ്ക്കു കശുവണ്ടി വിൽക്കാൻ കഴിയുന്നു എന്നുള്ളതാണ് അവിടത്തെ പ്രശ്നം. അവിടത്തെ കൃഷിക്കാർ ഈ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് കശുവണ്ടിയും എടുത്തുകൊണ്ട് ഒരു മാർച്ചു തന്നെ നടത്തിയാലെന്താണ് എന്ന് ആലോചിക്കുന്ന നിലയിലേക്ക് എത്തിയിരിക്കുകയാണ്. വില കുറച്ചുകൊണ്ടുള്ള നടപടി നമ്മുടെ സംസ്ഥാനത്തെ, പ്രത്യേകിച്ചും ആ പ്രദേശങ്ങളിലെ കള്ളക്കടത്ത് പ്രോൽസാഹിപ്പിക്കാൻ മാത്രമേ പര്യാപ്തമായിട്ടുള്ളൂ എന്നു നമുക്കു കാണാൻ കഴിയും. എന്തെല്ലാമായാലും ഇന്ന് കശുവണ്ടി മററു സംസ്ഥാനങ്ങളിലേക്ക് ഒഴുകാൻ മാത്രമേ ഇതു സഹായിച്ചിട്ടുള്ളൂ. അതുകൊണ്ട് വില വർദ്ധിപ്പിക്കേണ്ടതും കൃഷിക്കാർക്ക് ന്യായമായ വില അനുവദിച്ചു കൊടുക്കേണ്ടതും ഒഴിച്ചുകൂടാത്ത ഒരാവശ്യമായി വന്നിരിക്കുകയാണ്.

ഇത്തരം കാര്യങ്ങൾ കർഷക പ്രതിനിധികളുമായി ആലോചിക്കുകയും കൃഷിക്കാർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കാൻ പററിയ രീതിയിൽ പുനർനിർണ്ണയം ചെയ്യുകയും ഈ താണവില, ഇപ്പോൾ കുറച്ചു നിശ്ചയിച്ചിട്ടുള്ള വില, വർദ്ധിപ്പിച്ചു നിശ്ചയിക്കുകയും ചെയ്യണമെന്നു ഞാനാവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ധാരാളം ഭേദഗതികളുണ്ട്. ആർഡറിലുള്ള ഭേദഗതികൾ മാത്രം അവതരിപ്പിക്കാൻ അവസരം തരുന്നു. അവതരിപ്പിക്കുന്ന ആൾക്ക് അര മിനിറ്റു വീതം സംസാരിക്കാം.

ശ്രീ. ചടയൻ ഗോവിന്ദൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു:

പ്രമേയത്തിലെ 'കർഷകർക്ക് അപര്യാപ്തവും' എന്ന വാചകത്തിനുശേഷം 'കശുവണ്ടി മുതലാളിമാർക്കു കീഴടങ്ങിക്കൊണ്ടുള്ളതും' എന്നു കൂടി ചേർക്കണം.

ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഈ വില നിശ്ചയം കൃഷിക്കാരെ ആകെത്തന്നെ തകർക്കുന്ന ഒന്നായിട്ടാണ് പരിണമിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം അതിന്റെ ഗ്രാമപ്രദേശങ്ങളിലെ കൃഷിക്കാർക്ക് ഈ സീസണിൽ ഏറ്റവും വലിയ ആശ്വാസമാണ് കശുവണ്ടി. അത് ആകെ തകർന്നിരിക്കുകയാണ്. സ്ഥാനത്തും അസ്ഥാനത്തും കൃഷിക്കാരെ സംബന്ധിച്ചു പറഞ്ഞ് മുതലക്കണ്ണീരൊഴുക്കുന്ന നമ്മുടെ ഗവൺമെന്റ് ഇത്രമാത്രം ക്രൂരമായിട്ടുള്ള അനീതി കൃഷിക്കാർക്കെതിരായി ചെയ്യാൻ പാടില്ലാത്തതായിരുന്നു. ഇതിനെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് കണ്ണൂർ ജില്ലയിലെ എല്ലാ കർഷക സംഘടനകളും ഒന്നിച്ചുനിന്ന് ശക്തമായിട്ടുള്ള പ്രക്ഷോഭണത്തിനുതന്നെ തീരുമാനിച്ചിരിക്കുകയാണ്. പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് സംസാരിച്ച സഖാവ് പിണറായി വിജയൻ പറഞ്ഞതുപോലെ നിയമം ലംഘിച്ചുകൊണ്ട് എല്ലാ സംഘടനകളുടേയും നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് അവരാലോചിച്ചു കൊണ്ടിരിക്കുകയാണ്. എന്തായാലും ഈ കശുവണ്ടി സംഭരണ പദ്ധതിയെത്തന്നെ തകർക്കുന്ന ഒന്നായിട്ടാണ് ഇതു പരിണമിക്കാൻ പോകുന്നത്. കളളക്കടത്ത് നിർബാധം നടന്നു തുടങ്ങിയിട്ടുണ്ട്. പത്രങ്ങളിൽ അതിന്റെ വാർത്തകൾ വന്നു കഴിഞ്ഞിരിക്കുകയാണ്. ഗവൺമെന്റ് അടിയന്തിരമായി ഇതിനെപ്പറ്റി പുനഃപരിശോധിച്ച് ഇന്നത്തെ വില വർദ്ധിപ്പിച്ച് ന്യായമായിട്ടുള്ള വില കൊടുക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. ഇ. നാരായണൻ നായർ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു:

പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ 'അപര്യാപ്തവും' എന്നതിനു ശേഷം 'പൊതു മാർക്കറ്റു നിലവാരവുമായി യാതൊരു പൊരുത്തവുമില്ലാത്തതുമായതുകൊണ്ട്' എന്നു കൂടി ചേർത്തുകൊണ്ടു തുടരുക.

സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. നമ്മൾ ഒരു പ്രശ്നം പരിഹരിക്കാൻ നടപടി എടുക്കുമ്പോൾ അതിനേക്കാൾ രൂക്ഷമായ മറ്റു പ്രശ്നങ്ങൾ ഉണ്ടാകുന്ന രൂപത്തിലാണ് ഗവൺമെന്റ് ശ്രമം നടത്തുന്നത്; എന്ന് എനിക്ക് അഭിപ്രായമുണ്ട്. കശുമാവു കൃഷിക്കാരെ സംബന്ധിച്ച് കുത്തക സംഭരണത്തിൽ കൊടുക്കുന്ന വില അപര്യാപ്തമാണെന്നുള്ളതിൽ സംശയമില്ല. അവരുമായി ചർച്ച ചെയ്തിട്ടൊന്നുമല്ല ഈ വില തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ കശുവണ്ടി കോഴിക്കോട്,

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ഭാഗത്തുനിന്ന് കള്ളക്കടത്തായി മദിരാശി സംസ്ഥാനത്തേക്കു പോകുകയാണ്. നമ്മുടെ ആവശ്യത്തിനു കിട്ടുന്നില്ല. നമ്മം എന്താവശ്യത്തിനു വേണ്ടിയാണോ കുത്തകസംഭരണം ഏർപ്പെടുത്തിയിട്ടുള്ളത് അതിനെതിരായ കാര്യങ്ങളാണു നടക്കുന്നത്. അതുകൊണ്ട് ഒരു വിധത്തിലും ഈ വില ന്യായീകരിക്കത്തക്കതല്ല. അതുകൊണ്ട് കശുമാവു കൃഷിക്കാരുമായി ചർച്ച ചെയ്ത് ഇതിന്റെ വില വർദ്ധിപ്പിക്കണം എന്ന ന്യായമായ കാര്യം ഉടനടി നടപ്പിൽ വരുത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ രണ്ടാമത്തെ വരിയിൽ 'ഇന്ന്' എന്നതിനു ശേഷം 'കേരള' എന്നു ചേർക്കണം;

സർ, കേരളത്തിൽ ആവശ്യമുള്ള കശുവണ്ടി നാലര ലക്ഷം ടൺ ആണ്. ഉൽപ്പാദിപ്പിക്കുന്നത് ഒന്നേകാൽ ലക്ഷം ടൺ കശുവണ്ടിയാണ്. അതുകൊണ്ട് കശുമാവു കൃഷി പ്രോൽസാഹിപ്പിക്കുവാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. പ്രധാനമായി ഗവൺമെന്റ് തരിശു ഭൂമികളിൽ കൃഷി ചെയ്യാൻ വേണ്ട സംവിധാനം ഏർപ്പെടുത്തണം. അതുപോലെ പ്രദർശനത്തോട്ടങ്ങൾ ഉണ്ടാക്കണം. സൗജന്യമായി സസ്യ സംരക്ഷണ നടപടികൾ ഏർപ്പെടുത്തണം. നല്ലയിനം കശുമാവിൻ തൈകൾ കൃഷിക്കാർക്കു വിതരണം ചെയ്യാൻ സൗകര്യമുണ്ടാക്കണം. എഴുപത് ലക്ഷം കശുമാവിൻ തൈകൾ കഴിഞ്ഞ വർഷം വിതരണം ചെയ്തുവെന്നാണ് ഗവൺമെന്റിന്റെ കണക്കുകളിൽനിന്നു കാണുന്നത്. ഇതിനു പുറമേ ഈ വ്യവസായം കാര്യമായി വികസിക്കണമെങ്കിൽ ഗവൺമെന്റു പ്രതിനിധികളും കർഷക പ്രതിനിധികളും തെഴിലാളി പ്രതിനിധികളും വ്യവസായ പ്രതിനിധികളുംകൂടി ഒരു വട്ടമേശയ്ക്കു ചുറ്റും ഇരുന്നു കൊണ്ട് ആലോചിച്ച് ഈ വ്യവസായവും കശുമാവു കൃഷിയും വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള സത്വരമായ നടപടികൾ ഗവൺമെന്റ് അടിയന്തിരമായി എടുക്കണം.

ശ്രീ. പി. സിറിയക് ജോൺ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. ''പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ 'അപര്യാപ്തവും' എന്നതിനു ശേഷം 'അയഥാർത്ഥവും' എന്നു കൂടി കൂട്ടിച്ചേർത്ത് ബാക്കി ഭാഗം അതേപടി വായിക്കുക.'' സർ, കശുവണ്ടി കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വന്ന ആഘാതം വില നിർണ്ണയം തന്നെയാണ്. ശ്രീമാൻ ദേവസ്സിക്കുട്ടി പറഞ്ഞതിൽ നിന്നും അൽപ്പം വ്യത്യസ്തമായ ഒരു കാര്യം എനിക്ക് വയ്ക്കാനുണ്ട്. ഇപ്പോഴത്തെ മൊണോപ്പൊളി പ്രൊക്യുവർമെന്റ് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആവശ്യമാണെന്നുള്ളതിൽ സംശയമില്ല. എന്ത് സാഹചര്യത്തിലായാലും ഈ മൊണോപ്പൊളി പ്രൊക്യുവർമെന്റ് ഉപേക്ഷിക്കുവാൻ സാധിക്കുകയില്ല. കാരണം അങ്ങനെ ചെയ്താൽ പിന്നീട് ഇവിടത്തെ വ്യവസായികളുടെ കൈയിൽ അവരുടെ ദയാദാക്ഷിണ്യത്തിന് ഇവിടത്തെ കൃഷിക്കാരെ വിട്ടുകൊടുക്കലായിരിക്കും അതുകൊണ്ട് ഉണ്ടാകുന്നത്. അതിനെപ്പറ്റി ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് ഉള്ളതിനേക്കാൾ അൽപ്പംകൂടി ആകർഷകമായരീതിയിൽ, ചുരുങ്ങിയത് 5 രൂപ എങ്കിലും ആയി നിർണ്ണയിക്കുകയും ചെയ്യണം. അതേസമയം

LIBRARY ARCHIVES Kerala Legislative Assembly

അന്താരാഷ്ട്ര കണക്കിന്റെ അടിസ്ഥാനത്തിൽ കാപ്പി കൃഷിക്കാർക്കും മറ്റും കൊടുത്തു കൊണ്ടിരിക്കുന്നതുപോലെ. പിന്നീട് അവർക്ക് ഈ അടിസ്ഥാനത്തിൽ ബോണസ് നൽകുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആലോചിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഈ വ്യവസായം നശിക്കും. നമ്മൾ 70 ലക്ഷം കശുമാവിൻ തൈകൾ കൃഷിക്കാർക്കു വിതരണം നടത്തുകയും ഈ കൃഷി പ്രോൽസാഹിപ്പിക്കാനുള്ള എല്ലാ നടപടികളും ചെയ്തുകൊണ്ടിരിക്കുകയുമാണ്. കൊക്കോ, ജാതി തുടങ്ങിയ കൃഷികളെ സംബന്ധിച്ചിടത്തോളം ആ കൃഷിക്കാർക്ക് ഇന്ന് ഇതൊരു പേടിസ്വപ്നമായി മാറിയിരിക്കുകയാണ്. അതുപോലെ കശുമാവ് കൃഷിയും അത്തരത്തിലായിത്തീരാതിരിക്കണമെങ്കിൽ അവർക്കു പ്രോൽസാഹനം നൽകണം. ഒന്നര ലക്ഷത്തോളം തൊഴിലാളികൾ ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതം വഴിമുട്ടുന്ന സ്ഥിതിവിശേഷം വരും. അതുകൊണ്ട് കുത്തക സംഭരണം ഏതായാലും നിലനിറുത്തുക തന്നെ വേണം. ഇവിടെ നിലനിൽക്കുന്ന കള്ളക്കടത്ത് പൂർണ്ണമായും നിരോധിക്കാൻ സാധിക്കുന്ന കർശനമായ നടപടികളും, കർഷകരുടെ താൽപ്പര്യങ്ങൾക്കു തന്നെ ദൂരവീക്ഷണാടിസ്ഥാനത്തിൽ നോക്കുമ്പോൾ പരാജയപ്പെടുത്തുകയാണെങ്കിൽ അത് കൃഷിക്കാരെ പ്രതികൂലമായി ബാധിക്കും. ആ കാര്യത്തിൽ അവർ ബോധവാൻമാരാണ്. ഇപ്പോൾ താൻസാനിയായിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കശുവണ്ടിക്ക് അഞ്ച് രൂപ വില വരുന്നുണ്ടെന്നാണ് തോന്നുന്നത്. അതുപോലെ അന്താരാഷ്ട്ര മാർക്കറ്റിൽ ഒരു ഡോളർ 75 സെന്റ് വിലയുള്ള സാഹചര്യത്തിൽ ചുരുങ്ങിയത് 5 രൂപ എങ്കിലും വില നൽകണം. ഇതിന്റെ ദൂരവ്യാപകമായ ഫലംകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം നടപടികൾ സ്വീകരിക്കേണ്ടത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. ''പ്രമേയത്തിൽ 'കശുവണ്ടിക്ക്' (നാടൻ തോട്ടണ്ടി) ഇന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വില കർഷകർക്കു അപര്യാപ്തവും അസ്വീകാര്യവും ആണോ എന്നു പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യണമെന്ന് ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു' എന്ന് പ്രമേയം തിരുത്തി എഴുതുക.''

സർ, കശുവണ്ടി വ്യവസായത്തിലെ ഏറ്റവും വലിയ പ്രതിസന്ധിക്ക് കാരണം ആവശ്യാനുസരണം തോട്ടണ്ടി ലഭിക്കുന്നില്ലെന്നുള്ളതാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് മാർക്കറ്റിംഗ് ഫെഡറേഷൻ ഈ രംഗത്തേക്ക് കടന്നു വന്നത്. ഇപ്പോൾ ഗവൺമെന്റ് ഊന്നൽ കൊടുക്കേണ്ടത് ഈ രംഗത്ത് പ്രവർത്തിക്കുന്നകശുവണ്ടി മുതലാളിമാരുടെ ഏജൻറുമാർ മറ്റ് അയൽ സംസ്ഥാനങ്ങളിലേക്ക് തോട്ടണ്ടി കടത്തിക്കൊണ്ടു പോകുന്നതിൽനിന്നും കർശനമായി നിരോധിക്കുകയെന്നുള്ളതാണ്. അതേ സമയം കർഷകർക്കെതിരായി യാതൊരു നടപടിയും സ്വീകരിക്കാനും പാടില്ല. അവർക്കു തോട്ടണ്ടിക്ക് ന്യായമായ വില ലഭിക്കണം. അതിനുവേണ്ടി ഇന്ന് നിശ്ചയിച്ചിട്ടുള്ള വില പര്യാപ്തമല്ലെങ്കിൽ പുനഃപരിശോധിക്കുകയും വേണം. അങ്ങനെ ഈ വ്യവസായം ഇവിടെ നിന്നും മറ്റൊരു സംസ്ഥാനത്തേക്ക് പറിച്ചു നടുവാൻ ഇടയാകാത്ത സാഹചര്യം ഉണ്ടാകണം. കശുവണ്ടി മുതലാളിമാർ കശുവണ്ടി കോർപ്പ

LIBRARY ARCHIVES Kerala Legislative Assembly

റേഷനെ അട്ടിമറിക്കാൻ ശ്രമിക്കുന്നുണ്ട്. ഗവൺമെൻറ് വില കൂട്ടി നിശ്ചയിക്കുമ്പോഴും അതിലും കൂടിയ വില കൊടുക്കാമെന്നു പറഞ്ഞുകൊണ്ട് തോട്ടണ്ടി സംഭരിച്ച് അയൽ സംസ്ഥാനങ്ങളിലേക്ക് കൊണ്ടു പോകാൻ ശ്രമിക്കുന്നു. ഇത്തരം നടപടികളും കർശനമായി നിയന്ത്രിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, വളരെ സങ്കീർണ്ണമായ ഒരു പ്രശ്നത്തിന് ലളിതമായ ഒരു പരിഹാരം നിർദ്ദേശിക്കാനാണ് പ്രമേയാവതാരകൻ ശ്രമിക്കുന്നത്. അതുകൊണ്ടു തന്നെ അദ്ദേഹത്തിൻെറ അഭിപ്രായത്തോട് യോജിക്കാൻ എനിക്ക് സാധിക്കുകയില്ല. കൃഷിക്കാർക്ക് കൂടുതൽ വില കൊടുക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നം ഒരു പ്രശ്നമായിട്ട് ഉന്നയിക്കേണ്ട ആവശ്യമില്ല. ആരും അതിന് എതിരല്ല. എല്ലാവരും അനുകൂലമാണ്. ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഗവൺമെൻറ് അങ്ങേയറ്റം അനുകൂലമാണ്. പക്ഷേ ഇതിൻെറ പിന്നിലുള്ള വസ്തുതകളും ഈ രംഗത്ത് നിലനിൽക്കുന്ന സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ഇപ്പോൾ നിശ്ചയിച്ചതിൽ കൂടുതൽ വില കൊടുക്കാൻ ഇപ്പോൾ സാദ്ധ്യമല്ല. അതാണ് അതിൻെറ സ്ഥിതി. ഈ സങ്കീർണ്ണതയെപ്പറ്റി പറയുന്നതിന് ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. ശ്രീ. പിണറായി വിജയനെ പോലുള്ളവർക്ക് അതിനെപ്പറ്റി അറിയാവുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് കുറെ വ്യവസായങ്ങളും ഉണ്ട്. ലാഭം വ്യവസായികൾക്ക് ന്യായമായി ആഗ്രഹിക്കാമെങ്കിലും കൊള്ളലാഭം എടുക്കുന്ന കുറെ വ്യവസായികളും ഉണ്ട്. ഇവർ കന്യാകുമാരിയിൽ പോയി കുറെ കുടിലുകളും കെട്ടി വ്യവസായം നടത്തുന്നുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ളതിനേക്കാൾ മൂന്നിലൊന്ന് റേറ്റ് അനുസരിച്ചാണ് അവിടെ തൊഴിലാളികളെ പണിക്കെടുക്കുന്നത്. രണ്ടര രൂപയും 3 രൂപയുമാണ് വ്യത്യാസം. കേരളത്തിലുള്ള തോട്ടണ്ടി മുഴുവൻ സംഭരിച്ച് തമിഴ് നാട്ടിലേക്കു കൊണ്ടുപോകാനാണ് അവർ ശ്രമിക്കുന്നത്. അത് അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നേട്ടമാണ്. നമ്മൾ മൂന്നര പറഞ്ഞാൽ അവർ നാലു പറയും. നമ്മൾ നാലു പറഞ്ഞാൽ അവർ അഞ്ചു പറയും. നമ്മൾ അഞ്ചു പറഞ്ഞാൽ അവർ ആറു പറയും. ഒരു മൽസര ഓട്ടമാണ്. എന്നിട്ട് അത് മുതലാക്കുന്നത് പാവപ്പെട്ട തമിഴ് നാട്ടിലെ തൊഴിലാളികളെക്കൊണ്ടാണ്. ഇങ്ങനെ ഒരു സാഹചര്യം ഈ വ്യവസായത്തിൽ മാത്രമല്ല മറ്റ് പല വ്യവസായങ്ങളിലും ഉണ്ട്. ബീഡി വ്യവസായത്തിൻെറ കാര്യം ശ്രീ. വിജയന് അറിയാം. കൈത്തറി നെയ്ത്തിൻെറ കാര്യം അറിയാം. ഇതിനെയെല്ലാം അപേക്ഷിച്ച് രൂക്ഷമായ പ്രശ്നം കശുവണ്ടി വ്യവസായത്തിലാണ്. അവരാണ് ഇവിടെ പറഞ്ഞതു പോലെ അതിർത്തിക്കപ്പുറത്ത് ചാക്കുകളുമായി പോയി വ്യാപകമായി കള്ളക്കടത്ത് സംഘടിപ്പിക്കുന്നത്. ഇതിനുള്ള പരിഹാരം കള്ളക്കടത്ത് അനുവദിക്കാതിരിക്കുക എന്നുള്ളതു തന്നെ. ഈ കള്ളക്കടത്തിനെതിരായി എല്ലാം കർശനമായിനടപടികളും സ്വീകരിക്കുക എന്നുള്ളതു തന്നെയാണ് പരിഹാര മാർഗ്ഗം. ഇപ്പോഴുള്ള ഈ പരിതഃസ്ഥിതി ഇന്ന് ആദ്യമായി ഉണ്ടായതല്ല. 77-ൽ തോട്ടണ്ടിക്ക് നമ്മൾ നിശ്ചയിച്ച വില എത്രയാണ് ഇതു തന്നെയായിരുന്നു. പത്ത് പൈസയുടെ വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്നും അതുപോലെ തന്നെ ഗവൺമെൻറ് നിശ്ചയിച്ചതിനേക്കാൾ വളരെ കൂടുതൽ വില കൊടുത്ത് വാങ്ങിച്ച് അപ്പുറത്തേക്ക് കൊണ്ടു പോകാൻ പരിശ്രമം നടത്തുന്നുണ്ട്. നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

നല്ലവണ്ണം പരിശ്രമിച്ചിട്ടും കുറെ കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. അതൊരു സാമ്പത്തിക നയമാണ്. അതിന് ഞാൻ ആരേയും കുറ്റം പറയുന്നില്ല. കേരളത്തിൽ നാല് രൂപ വിൽക്കുമ്പോഴേ തമിഴ് നാട്ടിൽ 8 രൂപ കൊടുക്കാമെന്നു പറഞ്ഞുകൊണ്ട് ആളുകളെ പ്രേരിപ്പിച്ച് കള്ളക്കടത്ത് സംഘടിതമായി നടത്തിക്കൊണ്ടു പോകുന്നത് ഇപ്പോഴേ ആദ്യമായി ഉണ്ടായതല്ല. അന്നും ഉണ്ടായിരുന്നു. പക്ഷേ അന്ന് ഭാഗ്യത്തിന് സാർവ്വദേശീയ കമ്പോളത്തിൽ അണ്ടിപ്പരിപ്പിന്റെ വില വമ്പിച്ച തോതിൽ കുതിച്ചു കയറി. ഞാൻ ഭാഗ്യത്തിന് എന്ന വാക്ക് ഉപയോഗിച്ചത് ശരിയാണോയെന്ന് സംശയമുണ്ട്. അങ്ങനെ ഇത:പര്യന്തം ഉണ്ടാകാത്ത വിലക്കയറ്റം അന്തർദ്ദേശീയ കമ്പോളത്തിൽ ഉണ്ടായത് യഥാർത്ഥത്തിൽ നമ്മുടെ താൽപ്പര്യത്തിന് അനുഗുണമായിരുന്നില്ല. കാരണം അതിന്റെ അടുത്ത ആണ്ടിൽ അതുപോലുള്ള തകർച്ചയാണ് ഉണ്ടായത്. ശ്രീ ദേവസ്സിക്കുട്ടി ഇവിടെ ഒരു പൗണ്ട് അണ്ടിപ്പരിപ്പിന് 77-ൽ 2 ഡോളർ 45 സെന്റ് വരെ വില കയറിയെന്ന് പറഞ്ഞു. അങ്ങനെ വില കയറിയപ്പോഴാണ് ഇവിടെ 6.10 ആയി നിശ്ചയിച്ചത്. രണ്ടു പ്രാവശ്യം അന്ന് നമ്മുടെ വില വർദ്ധിപ്പിക്കുകയുണ്ടായി. ആദ്യം നാല് രൂപ വച്ചു. പിന്നെ അഞ്ച് രൂപ വച്ച്. പിന്നെ ആറു രൂപ വച്ചു ആറായി വർദ്ധിപ്പിച്ചപ്പോഴേ അണ്ടിപ്പരിപ്പിന്റെ വില ഞാൻ ഈ പറഞ്ഞതായിരുന്നു. 78 ലും ആ ആറു രൂപ കുറയാതെ നിശ്ചയിച്ചു. അപ്പോഴും അണ്ടിപ്പരിപ്പിന്റെ വില രണ്ടു ഡോളർ അഞ്ചു സെന്റ് എങ്കിലും ഉണ്ടായിരുന്നു. രണ്ടു ഡോളർ പത്തു സെന്റ് വരെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതിന്റെ സ്ഥാനത്ത് ഒരു ഡോളർ അറുപത് സെന്റ്, ഒരു ഡോളർ 70 സെന്റ് വരെയാണ് വില.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു ഡോളർ എഴുപത്തിയഞ്ച് സെന്റ് വച്ച്, അതായത് ഇന്ന് നിലവിലുള്ള അന്തർദ്ദേശീയ വിലയായ 5.50 വച്ചുതന്നെ ന്യായമായ ലാഭം കിട്ടുമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: അത് ബഹുമാനപ്പെട്ട മെമ്പറുടെ കണക്കാണ്, ഇത് മുഖ്യമന്ത്രിയുടെ കണക്ക് മാത്രമല്ല ഇൻഡ്യാ ഗവൺമെന്റിന്റെ കണക്കാണ്. ഇത് കണക്കറിയാവുന്ന ആളുകൾ കൂട്ടിയ കണക്കാണ്, അങ്ങനെ കൂട്ടി കൊടുക്കാൻ കഴിയുന്ന വിലയാണ് ഇപ്പോൾ വച്ചിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ പരിപ്പിന്റെ വില കൂടുകയാണെങ്കിൽ നമുക്ക് കൂടുതൽ കൊടുക്കാനും കഴിയും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: 1.75 വച്ചുകൊണ്ട് കഴിയുമെന്നാണ് കണക്ക് ഉദ്ധരിച്ചത്.

ശ്രീ. ആർ. എസ്. ഉണ്ണി: ശ്രീ. ദേവസ്സിക്കുട്ടി പറയുന്നത് കുടിവറുപ്പ് മുതലാളിമാരുടെ കണക്ക് ആണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ശ്രീ. ദേവസ്സിക്കുട്ടി കണക്കു പറഞ്ഞത് ഈ പറഞ്ഞ അടിസ്ഥാനത്തിലാണോ എന്ന് നോക്കണം. കുടിവറുപ്പു കാരെന്നു പറഞ്ഞാൽ ഒരു കൂട്ടർ ഉണ്ട്. അവർ .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇന്നു ഗവൺമെൻറ് നടപ്പിലാക്കിയിട്ടുള്ള മിനിമം വേജസും തൊഴിലാളികളുടെ ബെനിഫിറ്റും എല്ലാം അവർക്കു കൊടുത്തുകൊണ്ടാണ് കണക്കാക്കിയത് അല്ലെങ്കിൽ മുഖ്യമന്ത്രി കണക്ക് പറയണം.

ശ്രീ. പി. കെ. വാസുദേവൻ നായർ: എന്തായാലും ഈ കണക്കു ഒന്നു കൂടി നോക്കുക. അതിൽ പിശക് ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. പി. സിറിയക് ജോൺ: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം കുത്തകമുതലാളിമാരെ സഹായിക്കുന്നതിനുള്ളതാണ്. പാവപ്പെട്ട കൃഷിക്കാർക്ക് ഇതുകൊണ്ട് ദോഷമാണുണ്ടാകുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: കശുവണ്ടിക്ക് വില കൂടുതലാണെന്നും ഗവൺമെൻറ് യാതൊന്നും കണക്കിലെടുക്കാതെ വില കൂട്ടിയിരിക്കുകയാണെന്നും കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപ നേതാവ് പറഞ്ഞ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതൊക്കെ പരസ്യമായി പറഞ്ഞ കാര്യങ്ങളാണ്. അതിനെക്കുറിച്ച് എല്ലാവർക്കും അറിവുള്ളതും ആണ്.

സർ, അണ്ടിപ്പരിപ്പിന്റെ വിലയുമായി യാതൊരു ബന്ധവും ഇല്ലാത്ത ഒരു വില തോട്ടണ്ടിക്ക് നിശ്ചയിക്കുവാൻ സാധ്യമല്ല. കഴിഞ്ഞ തവണ അങ്ങനെ ഒരു വില നിശ്ചയിച്ചിട്ടു പോലും നമുക്ക് ഭീമമായ നഷ്ടമുണ്ടായി. കാരണം പിന്നീട് അണ്ടിപ്പരിപ്പിന്റെ വില അപ്രതീക്ഷിതമായി വളരെയധികം ഇടിഞ്ഞു, തകർന്നു. അതുകൊണ്ട് പത്തുപതിനഞ്ച് കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷൻ കണക്കാക്കിയിരിക്കുന്നത്. അതിനുംപുറമേ മാർക്കറ്റിംഗ് ഫെഡറേഷനും ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ വർഷം കൂടുതൽ ശ്രദ്ധയോടുകൂടി കൂടുതൽ നിഷ്കർഷയോടുകൂടി കണക്ക് എടുത്തിട്ടാണ് വില നിശ്ചയിക്കുവാൻ മുതിർന്നത്. ആ കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറുമായി ബന്ധം പുലർത്തി. കേന്ദ്ര ഗവൺമെൻറ് നമ്മളോട് ആവശ്യപ്പെട്ടത് വ്യവസായികൾക്ക് അവരുടെ കൈയിൽ എത്തുമ്പോൾ ഒരു ടണ്ണിന് 4,500 രൂപയിൽ കൂടുതൽ വരരുത് എന്നാണ്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത് ടണ്ണിന് 3,600 രൂപ മുതൽ 3,800 രൂപ വരെയാണ്. വിവിധ ജില്ലകളിൽ വില വ്യത്യാസമുണ്ട്. ടാക്സും സംഭരണച്ചെലവും മറ്റും കൂട്ടുമ്പോൾ 4,600 രൂപ വരെയാകും. എന്നാൽ കേന്ദ്ര ഗവൺമെൻറ് പറഞ്ഞത് 4,500 രൂപയിൽ കവിയരുത് എന്നാണ്. കഴിഞ്ഞ വർഷം നമുക്ക് വന്നിച്ച നഷ്ടം നേരിട്ടു. അതിനൊരു പരിഹാരമുണ്ടാക്കുവാൻ വേണ്ടി കേന്ദ്ര ഗവൺമെൻറിനെ സമീപിച്ചപ്പോൾ ഞങ്ങൾ ആവശ്യപ്പെട്ടത് ഇതിന് ഒരു സബ്സിഡി നൽകണം എന്നാണ്. അതായത് കയറ്റുമതി സബ്സിഡി നൽകണം എന്നുള്ളത്. ഇൻഡ്യയിൽ ധാരാളം ഉൽപ്പന്നങ്ങൾക്ക് കയറ്റുമതി സബ്സിഡി നൽകുന്നുണ്ട്. കൃഷിക്കാർക്ക് ആകർഷകമായ വില കൊടുക്കേണ്ട ആവശ്യത്തെക്കുറിച്ച് ഗവൺമെൻറിന് അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറെറാരു പ്രധാനപ്പെട്ട കാര്യം നമുക്കാവശ്യമുള്ള തോട്ടണ്ടി ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ കഴിയണം എന്നുള്ളതാണ്. അതുകൊണ്ട് പ്രോൽസാഹജനകമായ ഒരു വില കൃഷിക്കാർക്ക് കൊടുക്കണം. എങ്കിൽ മാത്രമേ അവർ ആ കൃഷി ഭംഗിയായി നടത്തുകയുള്ളുവെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം. കഴിഞ്ഞ വർഷം എന്തൊരു ഉൽസാഹമായിരുന്നു, കശുമാവ് വയ്ക്കുവാൻ. കേന്ദ്രത്തിൽ നിന്നും 70 ലക്ഷം കശുമാവ് തന്നു വിതരണത്തിനായിട്ട്. അന്ന് ഇവിടെ എല്ലാം ഉൽസവത്തിന്റെ പ്രതീതിയായിരുന്നു. ഇപ്രകാരം ചെയ്താൽ ആണ്ടോടാണ്ട് കൃഷി വികസിപ്പിക്കുകയും ചെയ്യണം. കൃഷിക്കാർക്ക് ആകർഷകമായ വിലയും കൊടുക്കണം. അതിന് ആരും എതിരല്ല. അതിന് ബഹുമാനപ്പെട്ട മെമ്പർ ദേവസ്സിക്കുട്ടിയുടെ മുദ്രാവാക്യമല്ല ആവശ്യം. അതിനുള്ള ഒരേ ഒരു പോംവഴി എക്സ്പോർട്ട് സബ്സിഡി കിട്ടുകയെന്നുള്ളതാണ്. അല്ലാതെ ഒരു പോംവഴിയുമില്ല. നമ്മൾ ആണ്ടോടാണ്ട് കോടിക്കണക്കിന് രൂപ മുക്കിക്കളയുകയല്ല ചെയ്യേണ്ടത്. അതിനുള്ള കഴിവില്ല; സാധ്യതയില്ല. ദുർബലമായ സാമ്പത്തിക ഘടനയുമായി കഴിഞ്ഞു കൂടുന്ന ഒരു കൊച്ചു സംസ്ഥാന ഗവൺമെൻറിന് അത്തരത്തിൽ ആണ്ടോടാണ്ട് കോടിക്കണക്കിന് രൂപ മുക്കിക്കളയാനാവുകയില്ലെന്നു തുറന്നു പറയുവാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇതിനുള്ള ശരിയ്ക്കുള്ള പോംവഴി ഇതാണെന്നു മനസ്സിലാക്കിക്കൊണ്ടാണ് എക്സ്പോർട്ട് സബ്സിഡി നൽകണം എന്നാവശ്യപ്പെട്ടത്. അതിന് കേന്ദ്ര ഗവൺമെൻറിനുള്ള ഒരേയൊരു നിയമതടസ്സം ഇത് ഒരു ട്രഡീഷണൽ ഐറ്റം എന്നുള്ളതാണ്. ട്രഡീഷണൽ ഐറ്റംസിന് എക്സ്പോർട്ട് സബ്സിഡി കൊടുക്കുകയില്ല. പുതിയ ഉൽപ്പന്നങ്ങൾക്ക് ആധുനിക ഉൽപ്പന്നങ്ങൾക്കുവേണ്ടി പ്രത്യേക പ്രോൽസാഹനം ആവശ്യമായതുകൊണ്ട് എക്സ്പോർട്ട് സബ്സിഡി കൊടുക്കുന്ന നയമാണ് ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്. ഈ നയം മാറണം—മാറിക്കണം. കേരളത്തെപ്പോലുള്ള ഒരു കൊച്ചു സംസ്ഥാനത്തിന് എക്സ്പോർട്ട് സബ്സിഡി കശുവണ്ടിക്ക് കിട്ടാതെ നിലനിൽപ്പില്ലായെന്നു ബോദ്ധ്യപ്പെടുത്തി സഹായം തേടാതെ മറ്റു മാർഗ്ഗങ്ങളില്ല. അതിനു വേണ്ടി നമുക്കെല്ലാവർക്കും കൂടി ഒന്നിച്ചു പരിശ്രമിക്കാം. കൃഷിക്കാർക്ക് വില കൂടുതൽ കൊടുക്കണം, വ്യവസായത്തെ നിലനിറുത്തണം, തൊഴിലാളികൾക്കു ന്യായമായ വേതനം കൊടുക്കണം എന്നു വിശ്വസിക്കുന്ന ഒരു സ്റേറററാണ്, പ്രതിപക്ഷമാണ് ഇവിടെയുള്ളത്. ശ്രീമാൻ ദേവസ്സിക്കുട്ടി പോലും ഇതിനോട് യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഈ പ്രശ്നത്തിന് പരിഹാരമാർഗ്ഗമെന്താണെന്നു ആലോചിച്ചപ്പോൾ തോന്നിയ മാർഗ്ഗം ഇതാണ്.

സർ, കേന്ദ്ര ഗവൺമെൻറ് നമുക്ക് തരാമെന്നു പറഞ്ഞ കടം ദീർഘകാലവായ്പയായി തരണമെന്ന് ആവശ്യപ്പെട്ടു. അത് തന്നില്ല. പിന്നെ ഒരു ഹ്രസ്വകാല വായ്പ തന്നിട്ടുണ്ട്. അത് 10 കോടി രൂപയാണ്. എന്നാൽ അതിന്റെ പലിശ പതിനാല് ശതമാനം ആണ്. പതിനാല് ശതമാനം പലിശയ്ക്ക് ഈ പണം വാങ്ങിയിട്ട് ഒരു കാര്യവുമില്ല. ആണ്ടോടാണ്ട് 20 ലക്ഷം രൂപ പലിശയിനത്തിൽ കൊടുക്കണം. ഞാൻ കഴിഞ്ഞ പ്രാവശ്യം ഡെൽഹിയിൽ പോയപ്പോൾ ശ്രീ. മോഹൻധാരിയായെ കാണുകയും വേണമെങ്കിൽ ഈ തുക തിരിച്ചു നൽകാമെന്നും പറഞ്ഞു. പതിനാല് ശതമാനം പലിശയ്ക്ക് കടം ആവശ്യമില്ലായെന്നും അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം അതിനു മറുപടി

LIBRARY ARCHIVES Kerala Legislative Assembly

ആയി പ്രഞ്ഞു, ദീർഘകാല വായ്പ കിട്ടുമ്പോഴും പലിശ കുറയ്ക്കുന്ന കാര്യത്തെക്കുറിച്ചു ആലോചിക്കാമെന്ന്. ഇതുപോലുള്ള ദുർഘടമായ ഒരു പരിതഃസ്ഥിതിയിലാണ് നമ്മം നിൽക്കുന്നത്. ബുദ്ധിമുട്ടുള്ള ഒരു സാഹചര്യമാണ് ഇന്നുള്ളത്.

ചില നിക്ഷിപ്ത താൽപ്പര്യക്കാർ പരിശ്രമിക്കുന്നത് നമ്മുടെ പദ്ധതി ആകെ പൊളിക്കുവാൻ വേണ്ടിയാണ്. മൊണോപ്പൊളി പ്രൊക്യുവർമെൻറ് കശുവണ്ടി വ്യവസായ രംഗത്ത് ഒരു പൊതു മേഖല ഉണ്ടായ കാലം മുതൽ അവരുടെ കണ്ണിൽ കരടാണ്. അത് പൊളിക്കുന്നതിനു വേണ്ടിയാണ് കേരളത്തിലെ കുറേ ആളുകൾ ഇതിനെ അടച്ചു പറയുന്നത്. അവരുടെ പ്രചരണം എടുത്തു പാടുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകരുത്. കൃഷിക്കാരുടെ പേരിലായാലും മറേറതിന്റെ പേരിലായാലും ഏറ്റുപാടുന്ന സ്ഥിതി ഉണ്ടാകാൻ പാടില്ല. ഇതെല്ലാം കഴിഞ്ഞിട്ട് ഇൻറർനാഷണൽ മാർക്കറ്റിംഗിൽ കശുവണ്ടി പരിപ്പിന്റെ വിലയിൽ മാറ്റം ഉണ്ടായി. അതുകൊണ്ട് ആദായവും ഉണ്ടായിട്ടുണ്ട്.

കോഫി ബോർഡ് അങ്ങിനെയാണ് ബിസിനസ് നടത്തുന്നത്. അവർ അവസാനം ഒരു ബോണസ് കൊടുക്കും. മുഴുവൻ കച്ചവടവും നടന്നിട്ട് ഒരു ബോണസ് കൊടുക്കും. അതുപോലെ ഈ
1 P.M.] വ്യവസായത്തിൽ നടപ്പാക്കാൻ എളുപ്പമല്ല. അതിന് വളരെക്കൂടുതൽ സങ്കീർണ്ണതകളുണ്ട്. അത്തരത്തിൽ എങ്ങാനും കശുവണ്ടിപ്പരിപ്പിന് അന്തർദ്ദേശീയ കമ്പോളത്തിൽ നല്ല വില കിട്ടാനിടയാവുകയാണെങ്കിൽ അതിൽ ഉണ്ടാകുന്ന ആദായത്തിന്റെ ഒരു ഭാഗം പിന്നീട് കൃഷിക്കാർക്ക് പകർന്നു കൊടുക്കാമെന്നാണ് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോഴത്തെ നിശ്ചയിച്ചവില കൂട്ടുന്ന പ്രശ്നമില്ല. ഈ വർഷത്തെ ബിസിനസ് എല്ലാം കഴിഞ്ഞിട്ട് കൂടുതൽ ആദായമാണ് ഉണ്ടാകുന്നതെങ്കിൽ അതിൽ ഒരു പങ്ക് സന്തോഷത്തോടു കൂടി കേരളത്തിലെ കൃഷിക്കാർക്ക് .....

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ലാഭവും നഷ്ടവും നിങ്ങൾ മാനേജു ചെയ്യുന്നത് അനുസരിച്ചാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: കേരളത്തിലെ കൃഷിക്കാർക്ക് ഈ ഗവൺമെൻറിന് ചെയ്യാനാകുന്ന സഹായം ചെയ്തു കൊടുക്കാം. ദേവസ്സിക്കുട്ടിയെപ്പോലുള്ള ആളുകൾക്ക് അറിയാവുന്നതാണെങ്കിലും ഒരു കാര്യം ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. മൂന്നു കൊല്ലം മുമ്പാണ് ഇത്തരത്തിൽ കേരളത്തിലുള്ള തോട്ടണ്ടി മുഴുവൻ ഗവൺമെൻറു തന്നെ വാങ്ങിക്കാൻ തീരുമാനിച്ചത്. അതിന്റെ സാഹചര്യം നമുക്കറിയാം. ആഫ്രിക്കയിൽ നിന്നും തോട്ടണ്ടി കിട്ടാതായി. ഇവിടെയുള്ളതെങ്കിലും ഇവിടത്തെ വ്യവസായത്തിന് കിട്ടണം അത് തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും പോകരുതെന്ന് തീരുമാനിച്ചു. അതിന് മുമ്പ് എന്തായിരുന്നു കശുവണ്ടിത്തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരുന്നത്. കണ്ണൂർ ജില്ലയിലെ കൃഷിക്കാർക്ക് എന്തായിരുന്നു കിട്ടിക്കൊണ്ടിരുന്നത്. ഇടത്തട്ടുകാരുടെ ചൂഷണം എത്രമാത്രം ഉണ്ടായിരുന്നു. രണ്ടു രൂപ കിട്ടുമായിരുന്നോ? ഒന്നര രൂപ കിട്ടുമായിരുന്നോ? ഇപ്പോഴത്തെ ഈ നയം ഗവൺമെൻറ് ഉപേക്ഷിച്ചുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കട്ടെ. ഗവൺമെൻറ് ഇന്ന് ഈ നയം ഉപേക്ഷിക്കുന്നത് കൃഷിക്കാർക്ക് നല്ലതിനാണോ? ഗവൺമെൻറ് ഈ നയം പ്രഖ്യാപിച്ചതുകൊണ്ടും ഇങ്ങനെ ഒരു പരിപാടി നടപ്പാക്കിയതുകൊണ്ടും കൃഷിക്കാർക്ക് ദ്രോഹം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല കശുവണ്ടി കൃഷിക്കാർക്ക് എന്തെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഈ പദ്ധതി കൊണ്ടു മാത്രമാണ്. പക്ഷേ എല്ലാ ആണ്ടിലും ഒരു പോലെ വില കൊടുത്തു കൊള്ളാം. എല്ലാ വർഷവും ആറു രൂപ കൊടുത്തു കൊള്ളാമെന്ന് ആരും പ്രതീക്ഷിക്കണ്ട. ഇത് കയറുമതി ചരക്കാണ്. ആ കയറുമതിയുടെ പ്രത്യേക പ്രശ്നങ്ങളെ ആശ്രയിച്ചിരിക്കും അസംസ്കൃത സാധനത്തിൻെറ വില. അല്ലെങ്കിൽ നമുക്ക് ഞാൻ ആവശ്യപ്പെട്ടതുപോലെയുള്ള ഒരു എക്സ് പോർട്ട് സബ്സിഡി കിട്ടണം. ഇതാണ് ഇതിൻെറ ബുദ്ധിമുട്ടുള്ള വശം. ബഹുമാനപ്പെട്ട മെമ്പർമാരും പുറത്തുള്ള ജനങ്ങളും പ്രത്യേകിച്ച് കർഷക സുഹൃത്തുക്കളും അതെല്ലാം മനസ്സിലാക്കണം. നമ്മുടെ വ്യവസായവും നമ്മുടെ കൃഷിയും രണ്ടും ഒരുപോലെ സംരക്ഷിക്കുവാൻ കഴിയുന്ന നയമേ ഗവൺമെൻറിന് അംഗീകരിക്കാൻ കഴിയൂയെന്നുള്ളതുകൊണ്ടാണ് ഈ ഘട്ടത്തിൽ ഇപ്പോഴത്തെ നിശ്ചയിച്ച വില വർദ്ധിപ്പിച്ചു കൊടുക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞത്. ഗവൺമെൻറിൻെറ ഈ പരിപാടി വിജയിപ്പിക്കത്തക്ക വിധത്തിൽ എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കുളമാക്കടത്ത് ആകുന്ന തെറ്റായ മാർഗ്ഗം സ്വീകരിക്കുവാൻ ആരും മുതിരരുതെന്ന് മുന്നറിയിപ്പ് നൽകാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഈ വിശദീകരണത്തിൻെറ പശ്ചാത്തലത്തിൽ ഈ പ്രമേയം പ്രസ് ചെയ്യരുതെന്ന് അപേക്ഷിക്കുന്നു.

ശ്രീ. പി. സിറിയക് ജോൺ: ബോണസ് നൽകുന്നതിനെ സംബന്ധിച്ചിടത്തോളം അന്തർദ്ദേശീയ വിലയുടെ അടിസ്ഥാനത്തിൽ കൂടുതൽ വില കിട്ടുകയാണെങ്കിൽ കൃഷിക്കാർക്ക് ബോണസ് നൽകുന്നതിനെ സംബന്ധിച്ചുള്ള ഗവൺമെൻറിൻെറ സമീപനം എന്താണ്?

ശ്രീ. പി. കെ. വാസുദേവൻ നായർ: അത് വ്യക്തമാക്കി കഴിഞ്ഞു.

The amendment moved by Shri Chatayan Govindan was put and lost.

The amendment moved by Shri E. Narayanan Nair was put and lost.

The amendment moved by Shri Lonappan Nambadan was, by leave, withdrawn.

The amendment moved by Shri Cyriac John was, by leave, withdrawn.

The amendment moved by Smt. Bhargavi Thankappan was, by leave, withdrawn.

The resolution moved by Shri N.I. Devassikutty was put and lost.

Chairman: Order, order. The House will now adjourn and meet again at 8.30 a.m. on Monday, March, 12, 1979.

1979 മാർച്ച് 12 .ം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 1.03 . ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly